## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1312

02-05-2017- ൽ മറുപടിയ്ക്ക്

## മദ്രസ അധ്യാപകർക്ക് ക്ഷേമനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മദ്രസകൾക്ക് ലഭിക്കുന്ന സർക്കാർ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | നിലവിൽ മദ്രസ്സകൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി സർക്കാർ ആനുകൂല്യങ്ങളൊന്നും നൽകി വരുന്നില്ല. |
| (ബി) | മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി നിലവിലുണ്ടോ; ഇതിന്റെ പ്രതിമാസ വിഹിതം എത്ര എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പ്രതിമാസം തൊഴിൽദാതാവ് 50 രൂപയും അദ്ധ്യാപക വിഹിതം 50 രൂപയും കൂടി ആകെ 100 രൂപയാണ് പ്രതിമാസ വിഹിതം. |
| (സി) | ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള അധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് എന്ന് വിശദീകരിക്കുമോ; | (സി) | മദ്രസ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങ ൾക്ക് താഴെ കാണുന്ന ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്<br>1. 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് മദ്രസ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗത്വപ്രാബല്യമനുസരിച്ച് 1000/- രൂപ മുതൽ 5219/- രൂപവരെ പ്രതിമാസ പെൻഷൻ.<br>2. മദ്രസ അദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും 10000/- രൂപ വീതം ധനസഹായം.<br>3. മദ്രസ അദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ+ നേടുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപ വീതം കാഷ് അവാർഡ്.<br>4. മദ്രസ അദ്ധ്യാപകർക്ക് ഭവന നിർമ്മാണത്തിന് ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷനുമായി ചേർന്ന് 2.5 ലക്ഷം രൂപ വരെ പലിശരഹിത വായ്പ. ഇത് 84 മാസതവണകളായി തിരിച്ചടച്ചാൽ മതി. |
| (ഡി) | സംസ്ഥാനത്ത് എത്ര പേർ മദ്രസ അധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളാണ് എന്ന് വ്യക്തമാക്കുമോ ? | (ഡി) | നിലവിൽ മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ 15150 അംഗങ്ങളാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ